# 104. മുച്ചിക്കുണ്ട്

ജനാധിപത്യത്തിനു നാം നല്കേണ്ടിവരുന്ന വിലകളിലൊന്നാണു വനവിധ്വംസനം.

ബ്രിട്ടീഷ് ഭരണകാലത്ത് ഇത്ര വമ്പിച്ച തോതിൽ വനവിധ്വംസനം ഇന്ത്യയിൽ നടന്നിരുന്നില്ല. ബ്രിട്ടീഷ് ഭരണാധികൃതരും കാടുകളെ ചൂഷണംചെയ്യാതിരുന്നില്ല. പക്ഷേ, ആ ചൂഷണത്തിലും ഒട്ടൊരു ശാസ്ത്രീയമനോഭാവം കാണാമായിരുന്നു. വെട്ടി വെളുപ്പിച്ച കാട്ടിൽ പിന്നെയും മരം നടണമെന്ന് അവർക്കു നിർബന്ധമായിരുന്നു. അല്ലെങ്കിൽ അവിടെ ചായയോ, കാപ്പിയോ, റബ്ബറോ കൃഷി ചെയ്യണം. കുത്തനെയുള്ള കുന്നിൻചെരിവുകൾ വെട്ടിത്തുറന്നിട്ടു മണ്ണൊലിപ്പുണ്ടാക്കാൻ, സാധാരണ നിലയിൽ, ബ്രിട്ടീഷ് ഭരണം അനുവദിച്ചിരുന്നില്ല.

സ്വാതന്ത്ര്യത്തിനുശേഷമുള്ള ഈ മൂന്നു പതിററാണ്ടുകളിലാണ് ഇന്ത്യയിൽനിന്നു കാടുകൾ വലിയ തോതിൽ അപ്രത്യക്ഷമായത്. ഹിമാലയത്തിൽ ഇങ്ങനെയാണുണ്ടായത്. കേരളത്തിലും അതെ.

കേരളത്തിൽ തിരുവിതാംകൂറിലും കൊച്ചിയിലും വനഭൂമി അതിനു മുമ്പുതന്നെ സർക്കാർ വകയായിരുന്നു. മലബാറിൽ ജന്മിമാരുടെ കൈവശമായിരുന്നു വനഭൂമിയിൽ ഏറെയും. ഈ ജന്മിമാർ എല്ലാവരും തകർച്ചയുടെ വക്കിലും ആയിരുന്നു. കാര്യബോധമുള്ളവർ അവർക്കിടയിൽ കുറവായിരുന്നു. അവരുടെ തറവാടുകൾ ഛിദ്രിച്ചിരുന്നു. അതിനാൽ തങ്ങളുടെ കീഴിലുള്ള വനഭൂമി നിസ്സാര പ്രതിഫലംപററി പതിച്ചുകൊടുക്കാൻ അവർ, കാരണവരും അനന്തരവന്മാരും, തയ്യാറായിരുന്നു. പതിച്ചുകൊടുക്കലിനുമേൽ നിയമനിയന്ത്രണങ്ങൾ വന്നപ്പോൾ അവർ കൈയേററം പ്രോത്സാഹിപ്പിച്ചു. തടി കടത്തുന്നതു് തടയപ്പെട്ടപ്പോൾ അവർ കാടു കത്തിച്ചു കരി വിററു കാശാക്കി.

പാലക്കാട്ടുജില്ലയിലെ അട്ടപ്പാടിപ്രദേശം വിശാലമായ ഒരു വനഭൂമിയായിരുന്നു. ഉഷ്ണമേഖലയിലെ നിത്യഹരിതവനങ്ങൾ(മഴക്കാടുകൾ)മുതൽ, പുൽപ്രദേശങ്ങൾവരെ, പലതരത്തിലുള്ള കാടുകളും ഇവിടെയുണ്ടായിരുന്നു. വിവിധതരം വനങ്ങളുടെ ഒരു പ്രദർശനശാലതന്നെയായിരുന്നു ഈ പ്രദേശം.

നിത്യഹരിതവനങ്ങൾ വളരെയൊന്നും സാമ്പത്തികപ്രാധാന്യമുള്ളവയായിരുന്നില്ല. ഈ വനങ്ങളിൽ, വളരെ പൊക്കത്തിൽ കുത്തനേ വളരുന്ന മരങ്ങൾ, പൊതുവേ, 'സോഫ്റ്റ്വുഡ്' എന്ന വർഗത്തിൽപ്പെട്ടവയാണ്. മരത്തടി ഉപയോഗിച്ച് പ്ലൈവുഡ്, ഹാർഡ് ബോർഡ്, റയോൺ, കടലാസ് മുതലായവ നിർമിക്കുന്നതിനുള്ള വ്യവസായങ്ങൾ വളർന്നുവരുംമുമ്പ്, മുഖ്യമായും വിറകായാണ് ഈ മരങ്ങൾ ഉപയോഗപ്പെട്ടിരുന്നതു്. വിറകിനു കിട്ടുന്ന വില തുച്ഛവുമായിരുന്നു. അതിനാൽ, വളരെക്കാലത്തോളം അട്ടപ്പാടിയിലെ നിത്യഹരിതവനങ്ങൾ മനുഷ്യരുടെ ആക്രമണത്തിൽനിന്നു രക്ഷപ്പെട്ടുനിന്നു.

നിത്യഹരിതവനങ്ങളിലുള്ള സസ്യവർഗങ്ങൾ മുഴുവൻ ഇനിയും നിഷ്കർഷിച്ചു പഠിക്കപ്പെട്ടിട്ടില്ല. ഇവയിൽ ഔഷധപ്രാധാന്യമുള്ളവ വളരെയുണ്ടായിരിക്കാം. ദക്ഷിണപൂർവേഷ്യയിലെ നെൽകൃഷി മുഴുവൻ 'ബ്രൗൺഹോപ്പർ' എന്ന കീടത്തിന്റെ ബാധ നിമിത്തം അടുത്തകാലത്തു നാശത്തിന്റെ വക്കിലെത്തുകയുണ്ടായി. അട്ടപ്പാടിവനങ്ങളിൽ വളർന്നിരുന്ന ഒരുതരം കാട്ടുനെൽച്ചെടിയെ നശിപ്പിക്കാൻ ബ്രൗൺ

ഹോപ്പറിനു കഴിവില്ലെന്ന് ശാസ്ത്രജ്ഞർ കണ്ടെത്തി. ഈ കാട്ടുനെല്ലുമായി അവർ ദക്ഷിണപൂർവേഷ്യയിലെ മികച്ച നെല്ലിനങ്ങളെ സങ്കരണം ചെയ്തു. അങ്ങനെ ബ്രൗൺഹോപ്പർ ബാധിക്കാത്ത അധികോല്പാദന നെല്ലിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. ഇന്ന് ദക്ഷിണപൂർവേഷ്യയിൽ നെൽകൃഷി നിലനിൽക്കുന്നതിനു നാം അട്ടപ്പാടിയിലെ കാട്ടുനെല്ലിനോടു കടപ്പെട്ടിരിക്കുന്നു. നിത്യഹരിതവനങ്ങളിലെ കാട്ടുചെടികൾക്കുള്ള സാമ്പത്തികപ്രാധാന്യം ഈയൊരുദാഹരണത്തിൽനിന്നു വ്യക്തമാവുന്നു.

പക്ഷേ, ആരു ശ്രദ്ധിക്കാൻ? അട്ടപ്പാടിവനങ്ങളുടെ ഉടമ മണ്ണാർകാട് മൂപ്പിൽനായർ ആയിരുന്നു. ഒരു വണ്ടി മരത്തിന് രണ്ട് ഉറുപ്പിക വില വാങ്ങി മൂപ്പിൽനായരുടെ കാര്യസ്ഥന്മാർ ഈ വനങ്ങൾ വിറ്റുതുടങ്ങി. ലാഭമോഹികളായ വനം കൺട്രാക്ടർമാർക്ക് ഇതിലും മികച്ച ഒരു അവസരം കൈവരാനുണ്ടോ? അങ്ങനെ അട്ടപ്പാടിവനങ്ങളിൽ വളരെ വലിയ ഒരു പങ്കു നശിച്ചു. അവിടം മുഴുവൻ മൊട്ടക്കുന്നുകളായി മാറി. കള്ളമല, ഓമല മുതലായ സ്ഥലങ്ങളിലെ മൊട്ടക്കുന്നുകൾ ഇരുപതോ, മുപ്പതോ കൊല്ലം മുമ്പു നിത്യഹരിതവനങ്ങളായിരുന്നു എന്നു പറഞ്ഞാൽ വിശ്വസിക്കാൻ പ്രയാസം തോന്നും. പക്ഷേ, സത്യം അതാണ്.

രാഷ്ട്രത്തിന്റെ മാത്രമല്ല, മനുഷ്യവർഗത്തിന്റെതന്നെ അമൂല്യമായ സമ്പത്താണു തിരിച്ചെടുക്കാനാവാത്തവിധത്തിൽ ഇങ്ങനെ നഷ്ടപ്പെട്ടുപോകുന്നതെന്ന ബോധം ഉളവായതു് താരതമ്യേന അടുത്ത കാലത്തായിരുന്നു. വനഭൂമികൾ ദേശസാൽക്കരിക്കുന്നതിനുള്ള നിയമം ഉണ്ടായതു് അങ്ങനെയാണ്. അപ്പോഴും ജന്മികൾക്കു വില കൊടുക്കാതെ വനം സർക്കാരിന്റേതാക്കുന്നതിനു കോടതികൾ തടസ്സംനിന്നു. ഒടുവിൽ, കൃഷിക്കു പതിച്ചുകൊടുക്കുക മുതലായ ഏതാനും ചില ആവശ്യങ്ങൾക്കുവേണ്ടിയാണ് വനദേശസാൽക്കരണം എന്നു സർക്കാരിനു പറയേണ്ടിവന്നു. അതായതു്, വനസംരക്ഷണം ഉദ്ദേശിച്ചു നടപ്പിലാക്കിയ വനദേശസാൽക്കരണ നിയമത്തിൽ വനവിധ്വംസനത്തിന്റെ വിത്തുകൾ അടങ്ങിയിരിക്കുന്നു.

വനം ദേശസാൽക്കരിച്ചപ്പോൾ, കൊടുംകാടിന്റെ നടുക്കു കുറെ സ്ഥലങ്ങൾ സർക്കാരിലേക്ക് ഏറ്റെടുക്കാതെ ഉദ്യോഗസ്ഥന്മാർ ഒഴിച്ചിട്ടു. ഇത്തരം സ്ഥലങ്ങൾ പിന്നീടു തോട്ടങ്ങളായി മാറുകയുംചെയ്തു. തോട്ടങ്ങളിൽനിന്നുള്ള പരിമിതമായ വരുമാനത്തേക്കാൾ, ചുറ്റുമുള്ള കാടുകളിൽ അപരിമിതമായ കൊള്ള നടത്താനുള്ള സൗകര്യമാണ്, ഈ സ്ഥലങ്ങൾക്കുള്ള ആകർഷണം. ലോകപ്രസിദ്ധമായിക്കഴിഞ്ഞിട്ടുള്ള സൈലന്റ് വാലിയിലേക്കു പോകുംവഴി ഇത്തരമൊരു തോട്ടം ഇന്നും കാണാൻ കഴിയും. മറ്റു സ്ഥലങ്ങളിലുമുണ്ട്, വനങ്ങളുടെ നടുവിൽ, ഇമ്മാതിരി വനംകൊള്ളത്താവളങ്ങൾ. സർക്കാരുദ്യോഗസ്ഥന്മാരുടെ ഒത്താശയോടെയാണ് ഇവ വളർന്നുവന്നതും നിലനില്ക്കുന്നതുമെന്നു പറയേണ്ടതില്ല.

വനം സർക്കാരിലേക്ക് ഏറ്റെടുത്തപ്പോൾ, ഏറ്റെടുക്കാതെ വിട്ടുകളഞ്ഞ ഇത്തരമൊരു വനംകൊള്ളത്താവളമാണ്, ഈ വേനൽക്കാലത്തു നടന്ന ക്രൂരവും നഗ്നവും നിർലജ്ജവും ഒട്ടൊക്കെ പ്രദർശനപരവുമായ വനംകൊള്ളകൊണ്ടു പെട്ടെന്നു കുപ്രസിദ്ധിയിലേക്കുയർന്ന 'മൂച്ചിക്കുണ്ട്'. അഗളിപഞ്ചായത്തിൽ ഓമല എന്ന സ്ഥലത്തിനപ്പുറം, നിത്യഹരിതവനങ്ങൾ തിങ്ങിനില്ക്കുന്ന ഒരു താഴ്‌വരയുടെ പകുതിയാണ് ആ പേരിൽ അറിയപ്പെടുന്നതു്. ഈ താഴ്‌വരയുടെ രണ്ടു വശങ്ങളിലും ഉയന്ന കുന്നുകളാണ്. ഇവയുടെ നടുവിൽ ഒരു അരുവി ഉറവെടുത്തു് കുറേ ദൂരം തെക്കോട്ടും പിന്നീടു പടിഞ്ഞാറോട്ടുമായി ഒഴുകിപ്പോകുന്നു. അരുവിയുടെ കിഴക്കും തെക്കും, മനുഷ്യൻ ഇനിയും കടന്നുചെല്ലാത്ത നിത്യഹരിതവനമാണ്; അതു സർക്കാരിൽ നിക്ഷിപ്തവുമാണ്. അരുവിയുടെ പടിഞ്ഞാറും വടക്കുമായി കിടക്കുന്ന പല കുന്നുകളും മൂന്നു മാസംമുമ്പുവരെ

നിത്യഹരിതവനംകൊണ്ടു മൂടപ്പെട്ടവയായിരുന്നു. ഈ സ്ഥലത്തു് നൂറേക്കർ സ്ഥലം (എന്നു പറയുന്നു. ഇവിടം അളന്നിട്ടില്ല; അതിനാൽ സ്ഥലം കൂടുതലുണ്ടാവാം) തങ്ങളുടേതാണെന്നു് അവകാശപ്പെടുന്ന ഏതാനും ആളുകളുണ്ടു്; ഇവർക്കു പിൻതാങ്ങായി, പതിമ്മൂന്നോ, പതിന്നാലോ 'പട്ടയ' ങ്ങളുമുണ്ടു്.

ഈ പട്ടയങ്ങൾ നൽകിയിട്ടുള്ളതു് അഗളി ലാൻഡ് ട്രൈബ്യൂണലാണു്. മണ്ണാർകാട് മൂപ്പിൽനായരുടെ വകയായിരുന്ന കാടു വെട്ടിത്തെളിയിച്ചു്, കപ്പ, വാഴ, ഇഞ്ചിപ്പുല്ലു് മുതലായവ കൃഷിചെയ്തു് അവിടെ താമസിച്ചിരുന്നവർക്കാണു പട്ടയങ്ങൾ കൊടുത്തിട്ടുള്ളതു്. പക്ഷേ, ഈ പട്ടയക്കാരിൽ പലരും മൂച്ചിക്കുണ്ടിൽ താമസിക്കാതെ 'ഓമല' എന്ന പ്രദേശത്തു താമസിക്കുന്നതായാണു് പട്ടയങ്ങളിൽത്തന്നെ പറയുന്നതു്. ചിലർ മണ്ണാർക്കാട്ടു് താമസിക്കുന്നതായും പറയുന്നു. പട്ടയഭൂമിയിൽ മരങ്ങളുള്ളതായി പറയുന്നില്ല. മരങ്ങളുണ്ടായിരുന്നുവെങ്കിൽ നിയമപ്രകാരം അവയുടെ വില പട്ടയക്കാർ കൊടുക്കേണ്ടതായിരുന്നു. അതു കൊടുത്തതായി കാണിച്ചിട്ടില്ല. പട്ടയഭൂമിക്കൊന്നിനും കൃത്യമായ അതിരില്ല. ചില പട്ടയങ്ങളിൽ മദ്ധ്യവർത്തികളായി കാണിച്ചിട്ടുള്ളതു് വനംവകുപ്പിനെയാണു്! (വനംവകുപ്പുവക ഭൂമി കൊടുക്കാൻ നിയമമില്ല). മാത്രമല്ല, മണ്ണാർകാട് മൂപ്പിൽനായരുടെ സ്വത്തുക്കൾ റിസീവർഭരണത്തിലിരിക്കെ, റിസീവർ അറിയാതെ ഒരു കാര്യസ്ഥൻ ഈ ഭൂമികൾ പട്ടയദാർമാർക്കു് പാട്ടത്തിനു കൊടുത്തതായാണു് രേഖ. ഒരു പട്ടയത്തിലും റവന്യൂ ഇൻസ്പെക്ടറുടെ ശുപാർശയില്ല. ഇതിൽനിന്നെല്ലാം ഉത്ഭവിക്കുന്ന അനുമാനം, പട്ടയങ്ങൾ വ്യാജനിർമിതങ്ങളാണെന്നു മാത്രമാണു്.

മൂച്ചിക്കുണ്ടുതാഴ്‌വരയിലേക്കു കടക്കുന്ന സ്ഥലത്തു്, അരുവിയുടെ കിഴക്കുവശത്തായി ഒന്നോ, ഒന്നരയോ ഏക്കർ സ്ഥലത്തു് ഇപ്പോൾ നെൽകൃഷി കാണാനുണ്ടു്. അരുവിക്കു കിഴക്കായതിനാൽ ഇതു നിയമപ്രകാരം സർക്കാരിന്റെ കൈവശമുള്ള ഭൂമിയിലാണെന്നു വ്യക്തം. 'വാസു' എന്ന ഒരാൾ ഇവിടെ വീടുണ്ടാക്കി പാർക്കുന്നു. പട്ടയദാർമാരുടെ കൂട്ടത്തിൽ ഈ പ്രദേശത്തു പാർക്കുന്ന ഒരേ ഒരാൾ വാസുവാണു്. വാസുവിന്റെ വീടിനപ്പുറത്തുള്ള ഒരു ഷെഡ്ഡു് 'നാണു' എന്ന ഒരാളുടേതാണത്രേ. അപ്പച്ചൻ എന്നു വിളിക്കപ്പെടുന്ന പി. എ. ജോസഫ് ആണു് ഇപ്പോൾ ഈ ഷെഡ്ഡിൽ പാർക്കുന്നതു്. കോഴിക്കോട്ടു് ദേവഗിരി കോളേജിൽനിന്നു് ബി. എസ്‌സി. പരീക്ഷ ജയിച്ച ഈ യുവാവിന്റെ കുടുംബം സ്ഥിരമായി പാർക്കുന്നതു് കോഴിക്കോട്ടു് ഈസ്റ്റു് ഹില്ലിലാണു്. മൂച്ചിക്കുണ്ടിൽ തനിക്കു പട്ടയമില്ല. എങ്കിലും പതിനഞ്ചേക്കർ സ്ഥലം തന്റേതാണെന്നു് അപ്പച്ചൻ പറയുന്നു. അപ്പച്ചന്റെ അപ്പനു് ഇവിടെ അഞ്ചേക്കർ സ്ഥലമുണ്ടത്രേ. രണ്ടു സഹോദരന്മാരുടെ പേരിലുമുണ്ടു് പട്ടയങ്ങൾ. വാസുവിനു താൻ മരം മുറിക്കുന്നതിനു പ്രതിഫലമായി 8500 രൂപ കൊടുത്തതായും അപ്പച്ചൻ പറയുന്നു. ഏതായാലും മൂച്ചിക്കുണ്ടിലെ വനം വെട്ടി വെളുപ്പിക്കുന്നതിന്റെ നേതൃസ്ഥാനത്തു നിൽക്കുന്നതു് അപ്പച്ചനാണു്.

അപ്പച്ചന്റെ കീഴിൽ നിലമ്പൂർക്കാരനായ ഒരു അപ്പുണ്ണിനായരാണു് വനം നശിപ്പിക്കുന്ന പ്രവൃത്തി ഏറ്റെടുത്തു നടത്തുന്നതു്. ഇയാളുടെ കീഴിൽ മുന്നൂറോളം ആളുകൾ (എണ്ണൂറോളം എന്നും പത്രറിപ്പോർട്ടുണ്ടു്) ഈ പ്രദേശത്തു ജനുവരിമാസംമുതൽ പണിയെടുത്തുവന്നിരുന്നു. മൂച്ചിക്കുണ്ടിന്റെ ഏതാനും ഭാഗത്തുകൂടി ഒരു ചെറിയ റോഡ് മുമ്പു വനംവകുപ്പുകാർ ഉണ്ടാക്കിയിരുന്നു. അതു വീതികൂട്ടി നന്നാക്കിയതിനു പുറമേ, മുമ്പു റോഡില്ലാതിരുന്ന സ്ഥലത്തിലൂടെ ഏതാണ്ടു് രണ്ടു കിലോമീറ്റ

റോളം സ്ഥലത്തു ലോറികൾക്ക പോകാവുന്ന റോഡ് പുതുതായി ഉണ്ടാക്കിയിട്ടുമുണ്ട്. കുന്നുകളുടെ ചെരിവിൽ ആന സഞ്ചരിച്ചുണ്ടായ പാത പരിഷ്കരിച്ച റോഡാക്കിയതാണത്രെ. ചുരുങ്ങിയതു് രണ്ടു ലക്ഷം രൂപയെങ്കിലും ചെലവഴിച്ചുണ്ടാക്കിയ ഈ റോഡ് മൂച്ചിക്കുണ്ടിലൂടെ കടന്നു് സർക്കാർവക നിത്യഹരിതവനത്തിന്റെ ഹൃദയത്തിലെത്തി അവസാനിക്കുന്നു.

ഈ റോഡിന്റെ രണ്ടു വശത്തുമായി, പടുകൂററൻ മരങ്ങൾ വെട്ടിയിട്ടിരിക്കുന്നു. ഏതാനും സ്ഥലങ്ങളിൽ ഇവ തടിയാക്കി അടുക്കിയിട്ടുണ്ടു്. അടുക്കുന്നതിനു് നാലു് ആനകളെ ഉപയോഗിച്ചിരുന്നു. കുറേ സ്ഥലങ്ങളിൽ തടി അടുക്കുന്ന പണി ബാക്കിയാണു്. റോഡിൽ നീളെ മരക്കൊമ്പുകൾ മുറിച്ച വിറകട്ടികൾ ഉണ്ടാക്കിവച്ചിരിക്കുന്നു. അട്ടിയിട്ട തടിയും വിറകട്ടികളും ലോറികളിൽ കയററി നീക്കുകയേ വേണ്ടൂ. വനംവകുപ്പുകാർ ഒന്നു കണ്ണടച്ചാൽ, ഒരാഴ്ചകൊണ്ടു് മൂച്ചിക്കുണ്ടിലെ നിത്യഹരിതവനം കേരളത്തിലും തമിഴ്നാട്ടിലുമുള്ള തടി—വിറകുഡിപ്പോകളിലെത്തി അപ്രത്യക്ഷമാവും.

പക്ഷേ, പണി അതോടെ അവസാനിക്കുകയില്ല. അപ്പുറത്തു് ഇനിയുമില്ലേ കാടുകൾ? മരം കടത്തി വിററാൽ പണം കിട്ടുകയില്ലേ? ദുരയ്ക്കു് എവിടെയാണു് അതിർത്തി? മൂച്ചിക്കുണ്ടിലെ റോഡുനിർമാണവും മററും കണ്ടാൽ, വനവിധ്വംസനം നൂറു് ഏക്കറിലൊതുങ്ങിനിൽക്കുമെന്നു വിശ്വസിക്കാൻ വനംവകുപ്പുമന്ത്രിക്കല്ലാതെ മററാർക്കെങ്കിലും കഴിയുമെന്നു തോന്നുന്നില്ല.

മൂച്ചിക്കുണ്ടിലെ വനവിധ്വംസനവൃത്താന്തം എങ്ങനെ പുറത്തു വന്നു? അതു പുറത്തു വരുന്നതിൽ വനംവകുപ്പിനു നിശ്ചയമായും ഒരു പങ്കുണ്ടു്. ഈ സ്ഥലത്തു് നൂറേക്കർ പതിച്ചുകൊടുത്തതു പന്തിയായില്ലെന്നു വനംവകുപ്പിനു പിന്നീടു ഭൂതോദയമുണ്ടായി. അവർ ആ സ്ഥലംകൂടി വനപ്രദേശമായി പ്രഖ്യാപിക്കാൻ നടപടിയെടുത്തു. അവിടെനിന്നു മരം കടത്തുന്നതു തടയുകയുംചെയ്തു. പക്ഷേ, പട്ടയങ്ങളുടെ യഥാർത്ഥനില അവർ കോടതിയിൽ പറഞ്ഞില്ല. അതിനാൽ കോടതി പട്ടയദാർമാരുടെ അവകാശത്തിനു പിന്തുണ നൽകുകയാണുണ്ടായതു്. ഈ കേസ്സിന്റെ വസ്തുതകൾ ശ്രദ്ധിച്ചു പഠിച്ചാൽ, അന്യായക്കാരുടെ ഉദ്ദേശ്യം പ്രതികളെ സംരക്ഷിക്കുകയും അവരുടെ അവകാശത്തിനു കോടതിയിലൂടെ ഉറപ്പു നേടിക്കൊടുക്കുകയുമായിരുന്നു എന്നു് ആർക്കും തോന്നിപ്പോകും.

ഇതിനിടയിലാണു്, മൂച്ചിക്കുണ്ടിലെ വനവിധ്വംസനംകൊണ്ടു് അഗളി പഞ്ചായത്തിലുണ്ടാകാവുന്ന ദോഷങ്ങൾ ചൂണ്ടിക്കാണിച്ചും, വനവിധ്വംസനം തടയണമെന്നഭ്യർത്ഥിച്ചും പഞ്ചായത്തുപ്രസിഡണ്ടു് ഹൈക്കോടതിയെ സമീപിച്ചതു്. ഹൈക്കോടതി മൂച്ചിക്കുണ്ടിലെ വനനശീകരണം നിർത്തിവെക്കാൻ ആജ്ഞാപിക്കുകയും അവിടത്തെ യഥാർത്ഥ സ്ഥിതിഗതികൾ കണ്ടറിഞ്ഞു റിപ്പോർട്ടുചെയ്യാൻ ഒരു കമ്മീഷനെ നിയമിക്കുകയുംചെയ്തു. മാർച്ച് 26—ാം തീയതി കമ്മീഷൻ സ്ഥലം സന്ദർശിച്ചു.

മാർച്ച് 18—ാം തീയതി വനനശീകരണം തടഞ്ഞു് പാലക്കാട്ടു് കളക്ടർ കല്പന പുറപ്പെടുവിച്ചതിനുശേഷവും, 25—ാം തീയതിവരെ റോഡുപണി നടന്നിരുന്നു എന്നു കമ്മീഷൻ നടത്തിയ അന്വേഷണങ്ങളിൽ നിന്നു വെളിവായി. വനംവകുപ്പുകാർ ആ പ്രദേശത്തു കാവലുണ്ടു്. പക്ഷേ, തടിവെട്ടല്ലാതെ റോഡുപണി തടഞ്ഞിട്ടില്ല എന്നായിരുന്നുവത്രേ അവർ പറഞ്ഞതു്! അതായതു്, താമസിയാതെ മരംവെട്ടും തടികടത്തലും തുടർന്നുപോകാമെന്നു വനംകൊള്ളക്കാർക്കു് ഇപ്പോഴും ആശയുണ്ടു്.

എങ്ങനെ ആശയില്ലാതിരിക്കും? രാഷ്ട്രീയകക്ഷികൾക്ക് ഈ വനം കൊള്ളയിൽ വ്യാപകമായ താല്പര്യമുണ്ടെന്നു പരക്കെ പറയപ്പെടുന്നുണ്ട്. മൂച്ചിക്കുണ്ടിൽ വനനശീകരണനേതൃത്വം വഹിക്കുന്ന അപ്പച്ചൻ മുമ്പ് ജനതാപ്പാർട്ടിക്കാരനായിരുന്നുവത്രെ. ഇപ്പോൾ അദ്ദേഹം കോൺഗ്രസ്സിലാണെന്നു പറയുന്നു. മൂച്ചിക്കുണ്ടിലെ വനംവെട്ടൽ നിയമാനുസൃതമാണെന്ന് കേരളനിയമസഭയിൽ ഒരു മുസ്ലിംലീഗ് എം. എൽ. എ. വിശദീകരിക്കുകയുണ്ടായി. ഇതിൽനിന്നെല്ലാം ഉത്ഭവിക്കുന്ന നിഗമനം ലളിതമാണ്. ഏതായാലും, പ്രബലമായ രാഷ്ട്രീയപിന്തുണയില്ലാതെ ഈ മാതിരി വലിയ തോതിൽ ദീർഘകാലത്തേക്കു നീണ്ടുനിൽക്കുന്ന ഒരു പൊതുമുതൽ കൊള്ളപ്പരിപാടി ആസൂത്രണംചെയ്യപ്പെടുകയില്ല എന്നതു വ്യക്തം.

മനുഷ്യബാധകൂടാതെ സഹസ്രാബ്ദങ്ങളോളമായി നിലനിന്നുപോരുന്ന ഒരു നിത്യഹരിതവനത്തിന്റെ ഹൃദയത്തിലേക്കാണു മൂച്ചിക്കുണ്ടു കൊള്ള ഒരു കാരിപോലെ കടന്നുചെല്ലുന്നതു്. കുത്തനെയുള്ള കുന്നിൻ ചരിവുകളിൽനിന്നും മരം വെട്ടിമാററി മഴയ്ക്കെതിരെ മണ്ണ് തുറന്നിട്ടിരിക്കുന്നു. അടുത്ത കാലവർഷത്തിൽ ഈ മണ്ണു മുഴവൻ കുത്തിയൊലിച്ച് താഴെയുള്ള അരുവിയിൽ ചെന്നു വീഴും. കുന്നുകൾ മണ്ണു നീങ്ങി പാറകളായി മാറും; അരുവി വററുകയുംചെയ്യും. ഈ കടുത്ത വേനലിലും കളകളശബ്ദത്തോടെ ഒഴുകുന്ന ഈ അരുവി, കാടിനു പുറത്തു്, തട്ടുതട്ടായി കീഴ്പോട്ടു നീണ്ടുകിടക്കുന്ന എത്രയോ നെൽക്കൃഷിവയലുകൾക്ക് ഇപ്പോൾ വെള്ളമെത്തിച്ചുവരുന്നു. അടുത്ത ആണ്ടിൽ ഈ വയലുകളിൽ വിളവെടുപ്പു സാദ്ധ്യമാകുമോ? ആർ അതിനെപ്പററി ആലോചിക്കുന്നു?

മൂച്ചിക്കുണ്ടിലെ വനംകൊള്ളയ്ക്കു വലിയ തോതിൽ പ്രസിദ്ധി കിട്ടി. ഹൈക്കോടതി അതിൽ ഇടപെട്ടു. ഒരുപക്ഷേ, ഈ കൊള്ള തടയപ്പെട്ടേക്കാം.

പക്ഷേ, മൂച്ചിക്കുണ്ട് ഒററപ്പെട്ട ഒരു പ്രതിഭാസമല്ല. കേരളത്തിൽ വനംകൊള്ള വ്യാപകമായി തുടരുന്നു. പലപ്പോഴും സർക്കാർവകുപ്പുകൾ അതിനു നേതൃത്വം നൽകുന്നു. രാഷ്ട്രീയപ്പാർട്ടികൾക്ക് അതിൽ നിക്ഷിപ്തതാല്പര്യമുണ്ട്. പാർട്ടികൾക്ക് പണം വേണം. കള്ളപ്പണക്കാരിൽനിന്നല്ലാതെ പാർട്ടികൾക്ക് ആവശ്യമുള്ളത്ര പണം വേറെ ആരിൽനിന്നു കിട്ടും? കേരളത്തിൽ കള്ളപ്പണത്തിന്റെ വലിയ ഒരു ഉറവിടം വനംകൊള്ളയാണുതാനും.

അതേ, നമ്മുടെ ജനാധിപത്യത്തിനു് നാം നൽകേണ്ടിവന്നിരിക്കുന്ന വിലകളിലൊന്നാണ് വനവിധ്വംസനം.

ഇത്രയും വില നല്കി ഈ ജനാധിപത്യം (അസംബ്ലിയിൽ മാർച്ച് 28—ാം തീയതി അഭിനയിക്കപ്പെട്ട നാടകം ഓർക്കുക) നിലനിർത്തേണ്ടതുണ്ടോ എന്ന് ജനങ്ങൾ ആലോചിക്കട്ടെ!

(17 ഏപ്രിൽ, 1983)

# 105. ഹിൽ ഹൈവേ പദ്ധതിയെ എതിർക്കുക

ചുട്ടു തല്ലുമ്പോൾ കൊല്ലനും കൊല്ലത്തിയും ഒന്നാവും. കേരളത്തിലെ വനങ്ങൾ നശിപ്പിക്കുന്നതിലും അങ്ങനെ പരിസ്ഥിതിക്കു നികത്താനാവാത്ത കെടുതിവരുത്തിവെക്കുന്നതിലും ഇവിടത്തെ എല്ലാ രാഷ്ട്രീയപ്പാർട്ടികൾക്കും അടങ്ങാത്ത ആവേശമാണ്. നിയമസഭയ്ക്കകത്തും പുറത്തും പരസ്പരം